എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പുതിയ ഭരണസമിതി അധികാരമേറ്റതിനുശേഷം ഉള്ള ആദ്യ ബഡ്ജറ്റ് ആണ് ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ 25 വർഷം പൂർത്തിയായ ഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. നവ കേരള സൃഷ്ടിക്കായി ജനകീയാസൂത്രണം എന്നതായിരുന്നു പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ടുവച്ച ആശയം. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തിട്ടുള്ള പൊതു ലക്ഷ്യങ്ങളും സവിശേഷ ലക്ഷ്യങ്ങളും മുൻനിർത്തി സമഗ്രവും ജനോപകാരപ്രദവുമായ വികസന/ ക്ഷേമ പ്രവർത്തനങ്ങൾ ആണ് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയത്. തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കാനും പുതിയ പദ്ധതികളും പുതിയ കാലഘട്ടത്തിനനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും ആണ് നാം ആലോചിക്കുന്നത്.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് സമസ്ത മേഖലകളിലും മാറ്റം കൊണ്ടുവരുന്നതിനാണ് നാം ആലോചിക്കുന്നത്. ഉല്പാദന -സേവന-പശ്ചാത്തല-മേഖലകളിലായി നിരവധി പ്രവർത്തനങ്ങൾ നമുക്ക് ഏറ്റെടുത്തു നടത്താനാകും. പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിനുപുറമേ കേന്ദ്രസർക്കാരിനെയും, സംസ്ഥാന സർക്കാരിനെയും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും കൂട്ടിയിണക്കിക്കൊണ്ട് സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് നാം മുന്നോട്ട് വയ്ക്കുന്നത്. ഇതിനായി ഭരണസമിതി ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഭാവി എരുമപ്പെട്ടിയുടെ വികസനം ഉറപ്പാക്കുന്ന തരത്തിൽ മുന്നോട്ടുപോകുന്നതിന് രാഷ്ട്രീയത്തിനതീതമായ പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രിയരേ,

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതി കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി കൊണ്ടുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നു. ഒരു നാടിന്റെ സമ്പദ് വ്യവസ്ഥയുടെയും ജനജീവിതത്തിന്റെയും അടിസ്ഥാനശില എന്നത് അവിടുത്തെ കാർഷിക മേഖലയാണ്. അതുകൊണ്ടുതന്നെ കൃഷിയും അനുബന്ധ വ്യവസായങ്ങളും ഏറെ വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരോടൊപ്പം തന്നെ യുവതലമുറയെ കൂടി കൃഷിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി നെൽ കർഷകർക്ക് വിത്ത് തികച്ചും സൗജന്യമായി നൽകുന്നതിനാണ് ആലോചിക്കുന്നത്. ഇതിനോടൊപ്പം ഉഴവു കൂലിയും വളവും കുമ്മായവും എല്ലാം നൽകുന്നതിനുവേണ്ടിയും തുക വകയിരുത്തുന്നു. ഇതോടൊപ്പം പച്ചക്കറി കൃഷിയും ഇടവിള കൃഷിയും എള്ള്, ഡെയിഞ്ച വിത്തുകൾക്കുമായി തുക വകയിരുത്തുന്നു. ഇതിനോടൊപ്പം തന്നെ ചങ്ങാതിക്കോടൻ നേന്ത്രവാഴ കൃഷി പ്രോത്സാഹനം, നാളികേര കർഷകർക്കുള്ള പ്രോത്സാഹനം, തൈകളുടെ വിതരണത്തിനുമായി നാം തുക മാറ്റിവെക്കുന്നു. ഫലവൃക്ഷത്തൈകളുടെ വ്യാപനവും നാം നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. ഇതിനായി 75 ലക്ഷം രൂപ വകയിരുത്തുന്നു.

പഞ്ചായത്ത് നേരിടുന്ന വലിയൊരു പ്രശ്നമാണ് കുടിവെള്ളക്ഷാമം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം തന്നെ സ്വകാര്യ ക്വാറികളെ പ്രയോജനപ്പെടുത്തിക്കൊണ്ട് നൂതനമായ ജലസ്രോതസാക്കി മാറ്റുന്ന തരത്തിലുള്ള പദ്ധതികളും നാം വിഭാവനം ചെയ്യുന്നു. ഇതിനായി നമുക്ക് തുക വകയിരുത്തേണ്ടതുണ്ട്. നിലവിൽ കുടിവെള്ള പദ്ധതികൾക്കായി 24 ലക്ഷം രൂപ വകയിരുത്തുന്നു. സി എഫ് സി ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് കുടിവെള്ളപദ്ധതികൾക്കായി കൂടുതൽ തുക വകയിരുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതാണ്.

മാലിന്യ സംസ്കരണ രംഗത്ത് ഹരിത കർമ്മ സേനയിലൂടെ വലിയ മുന്നേറ്റം കൊണ്ടുവരാൻ നമുക്കായി. എന്നിരുന്നാലും ഇനിയും ഈ രംഗത്ത് നാം സജീവമായി ഇടപെടേണ്ടതുണ്ട്. എല്ലാ വാർഡുകളിലും മിനി എം. സി. എഫ്. സ്ഥാപിക്കേണ്ടതുണ്ട്. അതുപോലെ ജൈവ മാലിന്യ സംസ്കരണത്തിന്റെ

കാര്യത്തിലും നാം മുന്നോട്ട് പോകേണ്ടതുണ്ട്. അതിനായി കൂടുതൽ തുക വകയിരുത്തുന്നതിന് നാം ആഗ്രഹിക്കുന്നു. സെപ്റ്റിക് വേസ്റ്റ് ഉൾപ്പെടെയുള്ള ദ്രവ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ശുചിത്വമിഷന്റെ സഹായത്തോടെ FSTP പദ്ധതി നടപ്പ വർഷം പൂർത്തീകരിക്കാനാകും. അതുപോലെ ആധുനിക ക്രിമിറ്റോറിയം പദ്ധതി നടപ്പിലാക്കുന്നതിനും നാം തുക വകയിരുത്തുന്നു . ഇതിനായി കിഫ്ബിയെ പ്രയോജനപ്പെടുത്തണം എന്നാണ് നാം ആഗ്രഹിക്കുന്നത്. ഇതിനായി 40 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക മേഖലയെ പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതും, ഏറെ വ്യാവസായിക, സാമ്പത്തിക സാധ്യതകൾ ഉള്ളതുമായ മറ്റൊരു മേഖലയാണ് മൃഗസംരക്ഷണവും, ക്ഷീരവികസനവും. "ക്ഷീരഗ്രാമം" എന്ന പദ്ധതി എരുമപ്പെട്ടി പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. പുതിയ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കാനും കഴിയുന്ന നിലയിൽ തൊഴുത്തും, ആട്ടിൻകൂട്ടം, കോഴി കൂട്ടം പദ്ധതി തൊഴിലുറപ്പുമായി സംയോജിപ്പിച്ച് നടത്തുന്നതിന് നാം ആഗ്രഹിക്കുന്നു. ക്ഷീരകർഷകരെ പ്രയോജനപ്പെടുത്തി ഗോമൂത്രവും ചാണകവും എല്ലാം ശേഖരിച്ച് സംരഭങ്ങളിലൂടെ കൂടുതൽ വരുമാനം മാർഗ്ഗം കണ്ടെത്തുന്ന തരത്തിലുള്ള പദ്ധതികളും നാം വിഭാവനം ചെയ്യുന്നു. കറവു പശു കാലി തീറ്റ, ധാതുലവണ മിശ്രിതം തുടങ്ങിയുള്ള വിതരണ പദ്ധതിയും നാം നടപ്പിലാക്കുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ തെരുവുനായ ആക്രമണം നിയന്ത്രിക്കുന്നതിന് എബിസി പദ്ധതിയ്ക്കായി 5 ലക്ഷം രൂപയും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിലേക്കായി 5 ലക്ഷം രൂപയും വകയിരുത്തുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി വയോജന-ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് ആക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും മാനസിക – ആരോഗ്യശേഷി വർദ്ധിപ്പിക്കുന്നതിന് ഇവർക്ക് വേണ്ട കലോത്സവങ്ങളും മറ്റ് വിനോദ പരിപാടികളും നാം ആലോചിക്കുന്നു. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനും സഹായ ഉപകരണങ്ങൾ നൽകുന്നതിനും നാം തുക വകയിരുത്തുന്നു. ഭിന്നശേഷിസ്കോളർഷിപ്പ്, ഭിന്നശേഷിക്കാരുടെ കുട്ടിരിപ്പുകാർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലന പരിപാടി തുടങ്ങിയവ നാം ആലോചിക്കുന്നു. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും പാലിയേറ്റീവ് മേഖലയിൽ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനുമായിട്ടുള്ള പദ്ധതികളും നാം വിഭാവനം ചെയ്യുന്നു. കിടപ്പുരോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള സംരംഭത്വ പരിശീലനവും കിടപ്പ് രോഗികളുടെ പരിപാലനത്തിനുമായി നാം തുക വകയിരുത്തുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന FHC യിൽ കിടത്തി ചികിത്സ തുടങ്ങുന്നതിന് ആവശ്യമായ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി തുക വകയിരുത്തുന്നു. സമഗ്ര ആരോഗ്യ പരിപാലന പരിപാടിയും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നതിന് നാം ആഗ്രഹിക്കുന്നു. ഇതിനായി തുക വകയിരുത്തുന്നു. ഇതുമാത്രമല്ല നമ്മുടെ പഞ്ചായത്തിന് കീഴിലുള്ള ആയുർവേദ ഹോമിയോ ആശുപത്രികൾക്കുള്ള മരുന്നുവാങ്ങൽ ഉൾപ്പെടെയുള്ള മറ്റു പ്രവർത്തനങ്ങൾക്കായി തുക വകയിരിത്തുന്നു. ഇതിനായി 43 ലക്ഷം രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസ മേഖലയിൽ അഭൂത പൂർവ്വമായ മാറ്റങ്ങൾ വരുത്തുന്നതിന് കഴിഞ്ഞ കാലയളവിൽ നമുക്ക് സാധിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനും നമുക്കായി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി നാം തുക വകയിരുത്തുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

വനിതാ ശാക്തീകരണത്തിന് കൂടുതൽ ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആഗ്രഹിക്കുന്നു . ഇതിനായി പ്രത്യേക വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തി കൂടുതൽ സ്ത്രീകളെ വരുമാനദായകരാക്കി മുന്നോട്ടുപോകുന്നതിനും നാം ആഗ്രഹിക്കുന്നു. ഇതിനായി തുക മാറ്റിവയ്ക്കുന്നു. വനിതകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രത്യേക മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. അഭ്യസ്ത വിദ്യരായ വനിതകൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്ന വിജ്ഞാനകേരളം പദ്ധതിയും നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നാം ആഗ്രഹിക്കുന്നു . അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ സംരംഭക പ്രവർത്തനങ്ങൾ തുടങ്ങണം എന്ന് നാം ആഗ്രഹിക്കുന്നു. ഇതിനായി തുക വകയിരുത്തുന്നു. കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്റർ ശക്തിപ്പെടുത്തുന്നതിന് നാം ആഗ്രഹിക്കുന്നു.

സ്ത്രീകളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്റർ പ്രയോജനപ്പെടുത്താനാകും. കൂടാതെ കുടുംബശ്രീ ബാങ്കിന്റെ പ്രവർത്തനത്തിന് കൂടുതൽ കരുത്ത് പകരുന്നതിന് കൂടുതൽ സംരംഭങ്ങൾ തുടങ്ങേണ്ടതുണ്ട്. ഇതിനായി 55 ലക്ഷം വകയിരുത്തുന്നു. കൂടാതെ വനിതകളുടെ ക്ഷേമത്തിനായി ജനകീയ ഹോട്ടൽ നിർമ്മിക്കുന്നതിന് ബഹു. കുന്നംകുളം എം എൽ എ എ സി മൊയ്തീൻ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 27 പട്ടികജാതി നഗറുകളാണുള്ളത്. ഈ നഗറുകളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. ഈ മേഖലയിൽ ഉള്ളവർക്ക് പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. അതിനുവേണ്ടി നാം തുക വകയിരുത്തുന്നു. ഇതിനായി 1 കോടി 20 ലക്ഷം രൂപ വകയിരുത്തുന്നു.

പശ്ചാത്തല മേഖലയിലെ സമഗ്ര വികസനത്തിന് റോഡ് ഉൾപ്പെടെയുള്ളവയുടെ വികസനത്തിനായി നാം തുക വകയിരുത്തേണ്ടതുണ്ട്. ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി വിവിധ റോഡുകൾ നമുക്ക് സഞ്ചാരയോഗ്യമല്ലാത്ത രീതിയിലേക്ക് മാറി. ഇവയുടെ പുനരുദ്ധാരണത്തിന് വേണ്ടി നാം കൂടുതൽ തുക വകയിരുത്തുന്നു. നമുക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നവീകരണത്തിനും നാം തുക വകയിരുത്തുന്നു. ഇതിനായി 1 കോടി 90 ലക്ഷം രൂപ വകയിരുത്തുന്നു.

പ്രാദേശിക ടൂറിസം മേഖലയിൽ പുതിയ സാധ്യതകളിലേക്ക് നമുക്ക് ചുവട് വയ്ക്കേണ്ടതുണ്ട്. ഇതിനുള്ള പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. സർക്കാരിന്റെയും മറ്റ് വകുപ്പുകളുടെയും തുക പ്രയോജനപ്പെടുത്തി ഇത് നടപ്പിലാക്കാൻ കഴിയും എന്നാണ് നാം കരുതുന്നത്.

കലാകായിക ശേഷി വർദ്ധിപ്പിക്കുന്നതിനും യുവാക്കളെ കൂടുതൽ ചേർത്തുപിടിക്കുന്നതിനുമായി നാം ശ്രമിക്കേണ്ടതുണ്ട്. ഇതിനായി കലാകായിക മേളകൾക്ക് നാം തുക വകയിരുത്തുന്നു. നാടിന്റെ ഭാവി നിർണയിക്കുന്ന യുവതലമുറയെ ചേർത്ത് നിർത്തുന്നതിനും പുതിയ തൊഴിൽ സാധ്യതകളെ കണ്ടെത്തുന്നതിനും ആയി പ്രത്യേക പരിശീലന പദ്ധതി നാം ആലോചിക്കുന്നു. സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്പോർട്സ് കിറ്റ് വിതരണത്തിലൂടെ യുവതലമുറയെ കൂടുതൽ കായിക മേഖലയിലേക്ക് കൊണ്ടുവരാൻ ആകുമെന്ന് കരുതുന്നു. ഇതിനായി തുക വകയിരുത്തുന്നു. ഇതിനായി 3 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ

സംസ്ഥാന സർക്കാരിന്റെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി മങ്ങാട് പഞ്ചായത്ത് ഗ്രൗണ്ടിന് കായിക വകുപ്പ് 50 ലക്ഷവും എം എൽ എ ഫണ്ട് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തുടങ്ങിയ മേഖലയ്ക്ക് നാം തുക മാറ്റിവയ്ക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക നൽകേണ്ടതുണ്ട്. ഇതിനായി നാം തുക വകയിരുന്നു. ഇതിനായി 5 കോടി 55 ലക്ഷം രൂപ വകയിരുത്തുന്നു.

ശിശു ക്ഷേമത്തിനായി നടത്തിവരുന്ന പരമ്പരാഗത പദ്ധതികൾക്ക് പുറമേ പുതിയ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം, കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പദ്ധതികൾ, കുട്ടികളുടെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ പ്രവർത്തികമാക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. ഇതിനായി 47 ലക്ഷം രൂപ വകയിരുത്തുന്നു.

നമ്മുടെ പഞ്ചായത്തിൽ സ്ട്രീറ്റ് ലൈനും സ്ട്രീറ്റ് ലൈറ്റും പദ്ധതി ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. അതിനായുള്ള തുക വകയിരുത്തുന്നു. ഇതിനായി 13 ലക്ഷം രൂപ വകയിരുത്തുന്നു. സി എഫ് സി ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ ഫണ്ട് വകയിരുത്തുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ വായനശാലകളെ നല്ല നിലയിലേക്ക് ഉയർത്തുന്നതിനും ഗ്രന്ഥശാലകളെ എല്ലാവർക്കും എത്തിച്ചേരാൻ കഴിയുന്ന ഒരു മതനിരപേക്ഷ കേന്ദ്രം ആക്കി മാറ്റാൻ കഴിയുന്ന ഇടങ്ങളാക്കി മാറ്റുന്നതിന് വേണ്ട ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയ്ക്കുള്ള തുക വകയിരുത്തുന്നു. ഇതിനായി 1 ലക്ഷം രൂപ വകയിരുത്തുന്നു.

തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തി കിണറുകൾ, കുളങ്ങൾ റീചാർജിങ് മുതലായവ പദ്ധതികൾ സംയോജിത പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കാൻ നാം ആഗ്രഹിക്കുന്നു . ഇതുവഴി കൂടുതൽ കുടിവെള്ള സ്രോതസ്സുകൾ ശക്തിപ്പെടുത്താൻ നമുക്ക് കഴിയും. ഇതിനായി 7 ലക്ഷം രൂപ വകയിരുത്തുന്നു.

ഇത്തരത്തിൽ സമസ്ത മേഖലകളെയും കൂട്ടിയിണക്കി 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2026- 27 വാർഷിക പദ്ധതിക്ക് രൂപം നൽകുന്നതിന് പ്രാരംഭ ബാക്കി 37547078/-രൂപയും (മൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി എഴുപത്തിയെട്ട് രൂപ)

ആകെ വരവ് 503164723/- രൂപയും (അൻപത് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിനാലായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ ) ആകെ ചെലവ് 466773377/- രൂപ (നാൽപ്പത്തിയാറ് കോടി അറുപത്തിയേഴ് ലക്ഷത്തി എഴുപത്തിമൂവ്വായിരത്തി മുന്നൂറ്റി എഴുപത്തിയേഴ് രൂപ) നീക്കി ബാക്കി മിച്ചം 5110760/- രൂപയും (അൻപത്തിയൊന്ന് ലക്ഷത്തി പതിനായിരത്തി എഴുന്നൂറ്റി അറുപത് രൂപ ) ഉള്ള ബഡ്ജറ്റ് നിങ്ങളുടെ മുൻപിൽ വയ്ക്കുകയാണ്. പദ്ധതികളുടെ എണ്ണത്തേക്കാൾ അവ എത്രത്തോളം ഗുണപരമായും കാര്യക്ഷമമായും ജനജീവിതത്തെ സ്വാധീനിക്കുന്നു എന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്നതിന് കക്ഷിരാഷ്ട്രീയത്തിന് അതീതമായി വികസനത്തിന്റെ പുതിയ വാതായനങ്ങൾ തുറക്കാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഈ ബഡ്ജറ്റ് നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

എന്ന്
ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്കുവേണ്ടി
കൊട്ടുമ്പിൽ മുരളി
വൈസ് പ്രസിഡണ്ട് &
ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ
എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

| | | |
|---|---|---|
| | ERUMAPETTY GRAMA PANCHAYAT BUDGET 2026-2027 | |
| Report: Form 1 | | |
| | HEAD OF ACCOUNTS | |
| | ഓപ്പണിങ് ബാലൻസ് | 37547078 |
| | വരുമാന രസീത് - 1 | |
| | നികുതി വരുമാനം - 110 | |
| 1 | 1100101 വസ്തു നികുതി | 14404500 |
| 2 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | 1650000 |
| 3 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 1980000 |
| | ആകെ നികുതി വരുമാനം | 18034500 |
| | ഫീസും ഉപയോക്തൃ നിരക്കുകളും - 140 | |
| 4 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | 5000 |
| 5 | 1401002 ട്യൂട്ടോറിയൽ കോളേജുകളുടെ രജിസ്ട്രേഷൻ ഫീ | 3000 |
| 6 | 1401099 മറ്റ് പട്ടികപ്പെടുത്തലും രജിസ്ട്രേഷനുകളും ഫീ | 88000 |
| 7 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 550000 |
| 8 | 1401105 വളർത്തു മൃഗങ്ങൾക്കുള്ള  ലൈസൻസ് ഫീസ് | 5000 |
| 9 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 10000 |
| 10 | 1401107 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് | 20000 |
| 11 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 3000000 |
| 12 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | 300000 |
| 13 | 1401205 ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് | 30000 |

| | | |
|---|---|---|
| 14 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 2000 |
| 15 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 20000 |
| 16 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 2500 |
| 17 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 4000 |
| 18 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 6000 |
| 19 | 1401701 ക്രമവൽക്കരണ ഫീസ് | 300000 |
| 20 | 1401702 അനധികൃത കെട്ടിടനിർമ്മാണ ക്രമവൽക്കരണ ഫീസ് | 50000 |
| 21 | 1401802 അപേക്ഷാ ഫീസ് - അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരണം | 5000 |
| 22 | 1402001 പിഴപ്പലിശ | 100000 |
| 23 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 100000 |
| 24 | 1404002 നോട്ടീസ് ഫീസ് | 5000 |
| 25 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 12500 |
| 26 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 2000 |
| 27 | 1404009 തിരച്ചിൽ ഫീസ് | 1000 |
| 28 | 1404011 ലേറ്റ് ഫീ | 10000 |
| 29 | 1404099 മറ്റ് ഫീസുകൾ | 660000 |
| 30 | 1405008 ലൈബ്രറികളിൽ നിന്നുള്ള വരവ് | 2000 |
| 31 | 1405099 മറ്റ് ഉപയോഗങ്ങൾക്കുള്ള ഫീസുകൾ | 173303 |
| 32 | 1408001 മറ്റ് ചാർജ്ജുകൾ | 11000 |
| | ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | 5477303 |
| | വിൽപ്പന, വാടക നിരക്കുകൾ - 150 | |
| 33 | 1501099 മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 27775 |

| | | |
|---|---|---|
| 34 | 1501101 ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 550000 |
| 35 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 110000 |
| 36 | 1503001 പലവക വിൽപ്പനകളിൽ നിന്നുള്ള വരവ് | 1182500 |
| | ആകെ വിൽപ്പന, വാടക നിരക്കുകൾ | 1870275 |
| | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ – 160 | |
| 37 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 5782260 |
| 38 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വിധവപെൻഷൻ | 25937780 |
| 39 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 4373820 |
| 40 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 7305100 |
| 41 | 1601018 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വാർദ്ധക്യകാല പെൻഷൻ | 50199270 |
| 42 | 1601023 ജനറൽ പർപ്പസ് ഫണ്ട് | 24836240 |
| 43 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – സ്ത്രീസുരക്ഷാ പദ്ധതി | 2040000 |
| | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 120474470 |
| | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം – 170 | |
| 44 | 1701001 നിക്ഷേപങ്ങളിന്മേലുള്ള പലിശ | 500000 |
| | ആകെ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം | 500000 |
| | പലിശ വരുമാനം – 171 | |
| 45 | 1711001 ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 1320000 |
| | ആകെ പലിശ വരുമാനം | 1320000 |

| | | |
|---|---|---|
| | മറ്റ് വരുമാനം – 180 | |
| 46 | 1808099 പലവക വരവുകൾ | 550000 |
| | ആകെ മറ്റ് വരുമാനം | 550000 |
| | മുൻ കാലയളവിലെ ഇനങ്ങൾ – 280 | |
| 47 | 2801001 മുൻകാല വരവുകൾ | 252260 |
| | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | 252260 |
| | വാടക വരുമാനം – എൽബി പ്രോപ്പർട്ടീസ് – 130 | |
| 48 | 1301001 ടൗൺഹാളിൽ നിന്നുള്ള വാടക | 24200 |
| 49 | 1302003 കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 9900 |
| 50 | 1304001 പാട്ടഭൂമിയിൽ നിന്നുള്ള വാടക | 9900 |
| | ആകെ വാടക വരുമാനം | 44000 |
| | ആകെ വരുമാന രസീത് | 148522808 |
| | മൂലധന രസീത് – 2 | |
| | ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ – 320 | |
| 51 | 3201004 ധനകാര്യ കമ്മീഷൻ ഗ്രാൻറ് – ഉപാധിയോടുകൂടിയത് | 15712228 |
| 52 | 3201005 ധനകാര്യ കമ്മീഷൻ ഗ്രാൻറ് – ഉപാധിരഹിതം | 6277228 |
| 53 | 3201020 സംയോജിത ശിശു വികസന പദ്ധതി | 880000 |
| 54 | 3201035 സമ്പൂർണ്ണ ശുചിത്വ പരിപാടി | 1970228 |
| 55 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 50500000 |
| 56 | 3202001 വികസനഫണ്ട് – ജനറൽ | 34025000 |
| 57 | 3202002 വികസനഫണ്ട് – പ്രത്യേക ഘടക പദ്ധതി | 15014000 |
| 58 | 3202009 മെയിൻറനൻസ് ഫണ്ട് – റോഡ് | 22503000 |

| | | |
|---|---|---|
| 59 | 3202010 മെയിൻറനൻസ് ഫണ്ട് – റോഡിതരം | 7171000 |
| 60 | 3202036  അഗതി മന്ദിരങ്ങൾക്കും പുനരധിവാസകേന്ദ്രങ്ങൾക്കുമുള്ള ഗ്രാൻറ് | 13200000 |
| 61 | 3202037  മറ്റ് റവന്യൂ ഗ്രാൻറുകൾ | 39875000 |
| 62 | 3203001 മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാൻറ് | 10697500 |
| 63 | 3208010 ഉണഭോക്തൃ വിഹിതം | 3859055 |
| 64 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ജില്ലാപഞ്ചായത്തിൽ നിന്ന് | 27759028 |
| 65 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 17160000 |
| | ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ | 266603267 |
| | സുരക്ഷിത വായ്പകൾ – 330 | |
| 66 | 3305004 ഹഡ്കോയിൽ നിന്നുള്ള വായ്പകൾ | 22000000 |
| | ആകെ സുരക്ഷിത വായ്പകൾ | 22000000 |
| | മറ്റ് ബാധ്യതകൾ – 350 | |
| 67 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ – പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | 600000 |
| 68 | 3502001 വസൂലാക്കിയത് ഒടുക്കാനുള്ളവ – ജനറൽ പ്രോവിഡൻറ് ഫണ്ട് | 360000 |
| 69 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ – കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് | 360000 |
| 70 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ – മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് | 250000 |
| 71 | 3502005 വസൂലാക്കിയത് ഒടുക്കാനുള്ളവ – വായ്പ തിരിച്ചടവ് | 135000 |
| 72 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ – ഇൻഷ്വറൻസ് പ്രീമിയം | 100000 |
| 73 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ – സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് | 135000 |
| 74 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ – ഗ്രൂപ്പ്  ഇൻഷ്വറൻസ് | 75000 |

| | | |
|---|---|---|
| 75 | 3502020 വസൂലാക്കിയത് ഒടുക്കാനുള്ളവ - കോൺട്രിബ്യൂട്ടറി പെൻഷൻ | 960000 |
| 76 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ - മെഡിസെപ് - റെഗുലർ | 120000 |
| 77 | 3502025 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായനികുതി | 300000 |
| 78 | 3502035 വസൂലാക്കിയത് ഒടുക്കാനുള്ളവ - പി എഫ് ലോൺ തിരിച്ചടവ് - ജിപിഎഫ് | 132000 |
| | ആകെ മറ്റ് ബാധ്യതകൾ | 3527000 |
| | നിക്ഷേപങ്ങൾ - 420 | |
| 79 | 4208001 സ്ഥിര നിക്ഷേപങ്ങൾ | 10000000 |
| | ആകെ നിക്ഷേപങ്ങൾ | 10000000 |
| | റിഡെംപ്ഷൻ - 431 | |
| 80 | 4315002 സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | 10821460 |
| | ആകെ റിഡെംപ്ഷൻ | 10821460 |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460 | |
| 81 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 90760 |
| 82 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 2402350 |
| 83 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 1650000 |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 4143110 |
| | ആകെ മൂലധന രസീത് | 317094837 |
| | റവന്യൂ ചെലവ് - 3 | |
| | സ്ഥാപന ചെലവുകൾ - 210 | |
| 84 | 2101001 ശമ്പളം - സെക്രട്ടറി | 1430000 |
| 85 | 2101003 ശമ്പളം - സ്ഥിരം ജീവനക്കാർ | 7865000 |
| 86 | 2101004 ശമ്പളം - കരാർ ജീവനക്കാർ | 1100000 |

| | | |
|---|---|---|
| 87 | 2101007 ശമ്പളം – പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ | 357500 |
| 88 | 2101101 വേതനം | 1650000 |
| 89 | 2101201 ബോണസ് | 82500 |
| 90 | 2101401 മാനവേതനം | 192500 |
| 91 | 2101501 ഉത്സവബത്ത | 110000 |
| 92 | 2102001 യാത്രാബത്തകൾ – സെക്രട്ടറി | 110000 |
| 93 | 2102003 യാത്രാബത്തകൾ – സ്ഥിരജീവനക്കാർ | 220000 |
| 94 | 2102006 മറ്റ് ബത്തകൾ – സെക്രട്ടറി | 198000 |
| 95 | 2102008 മറ്റ് ബത്തകൾ – സ്ഥിരജീവനക്കാർ | 269500 |
| 96 | 2102014 മാനവേതനവും ഹാജർ ബത്തയും – കൗൺസിലർമാർ/ അംഗങ്ങൾ | 7384300 |
| 97 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | 400000 |
| 98 | 2103007 പെൻഷൻ കോൺട്രിബ്യൂഷൻ | 800000 |
| 99 | 2104001 ടെർമിനൽ ലീവ് സറണ്ടർ | 650000 |
| | ആകെ സ്ഥാപന ചെലവുകൾ | 22819300 |
| | ഭരണപരമായ ചെലവുകൾ – 220 | |
| 100 | 2201001 കെട്ടിടങ്ങളുടെ വാടക | 25000 |
| 101 | 2201002 ഭൂനികുതി / അടിസ്ഥാന നികുതി | 10000 |
| 102 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | 500000 |
| 103 | 2201199 മറ്റ് ആഫീസ് പരിപാലന ചെലവുകൾ | 900000 |
| 104 | 2201201 ടെലഫോൺ ചെലവുകൾ/ ഇൻറർനെറ്റ് ചാർജ്ജുകൾ | 550000 |
| 105 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 60000 |

| | | |
|---|---|---|
| 106 | 2202101 അച്ചടിയും സ്റ്റേഷനറികളും | 880000 |
| 107 | 2205201 വിദഗ്ധർക്കും മറ്റുമുള്ള ഫീസ് | 100000 |
| 108 | 2206001 പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 200000 |
| 109 | 2206101 അംഗത്വവും വരിസംഖ്യയും | 25000 |
| 110 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 1463000 |
| | ആകെ ഭരണപരമായ ചെലവുകൾ | 4713000 |
| | പ്രവർത്തനവും പരിപാലനവും – 230 | |
| 111 | 2301001 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകൾ | 3000000 |
| 112 | 2301002 ഇന്ധനചെലവുകൾ | 577500 |
| 113 | 2301003 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് | 110000 |
| 114 | 2301006 കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ് | 1183360 |
| 115 | 2304001 വാഹനങ്ങളുടെ വാടക | 159500 |
| 116 | 2304099 മറ്റ് വാടകകൾ | 159500 |
| 117 | 2305001 സംരക്ഷണവും പരിപാലനവും – റോഡുകളും നടപ്പാതകളും | 100000 |
| 118 | 2305199 സംരക്ഷണവും പരിപാലനവും – മറ്റ് പൗര സൗകര്യങ്ങൾ | 220000 |
| 119 | 2305301 സംരക്ഷണവും പരിപാലനവും – വാഹനങ്ങൾ | 412500 |
| 120 | 2305909 സംരക്ഷണവും പരിപാലനവും – മറ്റുള്ളവ | 550000 |
| 121 | 2308005 നികുതി പിരിവുമായി ബന്ധപ്പെട്ട ചെലവുകൾ | 33000 |
| 122 | 2308010 അസാധാരണ ചെലവുകൾ | 106150 |
| 123 | 2308013 ശുചിത്വ ചെലവുകൾ | 385000 |
| 124 | 2308201 ലഘുഭക്ഷണ ചെലവുകൾ | 550000 |
| | ആകെ പ്രവർത്തനവും പരിപാലനവും | 7546510 |

| | | |
|---|---|---|
| | പ്രോഗ്രാം ചെലവുകൾ – 250 | |
| 125 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 50000000 |
| | ആകെ പ്രോഗ്രാം ചെലവുകൾ | 50000000 |
| | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ – 251 | |
| 126 | 2510101 കൃഷി – നെല്ല് | 0 |
| 127 | 2510102 കൃഷി – തേങ്ങ | 0 |
| 128 | 2510103 കൃഷി – അടക്ക | 0 |
| 129 | 2510104 കൃഷി – പച്ചക്കറികൾ | 0 |
| 130 | 2510105 കൃഷി – വാഴ | 0 |
| 131 | 2510106 കൃഷി – കിഴങ്ങ് വർഗ്ഗങ്ങൾ | 0 |
| 132 | 2510107 കൃഷി – പഴങ്ങളും അതിൻറെ മരങ്ങളും | 0 |
| 133 | 2510110 കൃഷി – പുഷ്പകൃഷി | 0 |
| 134 | 2510112 കൃഷി – കുരുമുളക് | 0 |
| 135 | 2510131 കാർഷിക വികസനം – പശ്ചാത്തല സൗകര്യങ്ങൾ | 0 |
| 136 | 2510132 കൃഷിസംബന്ധമായ സൗകര്യങ്ങൾ | 0 |
| 137 | 2510201 മൃഗസംരക്ഷണം – പശു | 0 |
| 138 | 2510202 മൃഗസംരക്ഷണം – ആട് | 0 |
| 139 | 2510205 മൃഗസംരക്ഷണം – കോഴി വളർത്തൽ | 0 |
| 140 | 2510209 മൃഗസംരക്ഷണം – പശ്ചാത്തല സൗകര്യങ്ങൾ | 0 |
| 141 | 2510210 മൃഗസംരക്ഷണം – രോഗ നിയന്ത്രണം | 0 |
| 142 | 2510302 ക്ഷീരവികസനം – സംഭരണവും വിപണനവും | 0 |
| 143 | 2510305 ക്ഷീരവികസനം – പാൽ ഇൻസെൻറീവ് | 0 |

| | | |
|---|---|---|
| 144 | 2510404 ഉൾനാടൻ മത്സ്യകൃഷി | 0 |
| 145 | 2510613 സേവന സംരംഭങ്ങൾ | 0 |
| 146 | 2510802 ജലസംരക്ഷണം | 0 |
| 147 | 2510804 പരിസ്ഥിതി സംരക്ഷണം | 0 |
| 148 | 2511301 സ്വയംതൊഴിലും വിപണന പ്രോത്സാഹനവും | 0 |
| | ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 0 |
| | സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 252 | |
| 149 | 2520102 പ്രൈമറി വിദ്യാഭ്യാസം | 0 |
| 150 | 2520103 ഹൈസ്കൂൾ വിദ്യാഭ്യാസം | 0 |
| 151 | 2520104 ഹയർ സെക്കൻററി വിദ്യാഭ്യാസം | 0 |
| 152 | 2520107 വിദ്യാഭ്യാസം - അനുബന്ധ പ്രവർത്തനങ്ങൾ | 0 |
| 153 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | 0 |
| 154 | 2520303 വായനാമുറികൾ, ലൈബ്രറികൾ - ആനുകാലികങ്ങൾ | 0 |
| 155 | 2520304 ഗ്രാമസഭാ/ വാർഡ് സഭാകേന്ദ്രങ്ങൾ | 0 |
| 156 | 2520502 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - ഭൗതീക സൗകര്യങ്ങൾ | 0 |
| 157 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - പ്രമോഷൻ | 0 |
| 158 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | 0 |
| 159 | 2520617 പകർച്ചവ്യാധി നിയന്ത്രണം | 0 |
| 160 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ - അലോപ്പതി | 0 |
| 161 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ - ആയുർവേദം | 0 |
| 162 | 2520620 ആരോഗ്യ സ്ഥാപനങ്ങൾ - ഹോമിയോ | 0 |
| 163 | 2520701 കുടിവെള്ളം - വ്യക്തിഗതം | 0 |

| | | |
|---|---|---|
| 164 | 2520702 കുടിവെള്ളം – പൊതു | 0 |
| 165 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും – വ്യക്തിഗതം | 0 |
| 166 | 2520902 കുട്ടികളുടെ ക്ഷേമ പരിപാടികൾ | 0 |
| 167 | 2520903 സ്ത്രീകളുടെ ക്ഷേമം | 0 |
| 168 | 2520904 പ്രായമായവരുടെ ക്ഷേമം | 0 |
| 169 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | 0 |
| 170 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | 0 |
| 171 | 2521001 അംഗൻവാടി പോഷകാഹാരം | 0 |
| 172 | 2521101 അംഗൻവാടി ഭൗതിക സൗകര്യങ്ങൾ | 0 |
| 173 | 2521102 അംഗൻവാടി അനുബന്ധ സേവനങ്ങൾ | 0 |
| 174 | 2521202 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ – സ്ഥാപനവികസനം | 0 |
| 175 | 2521203 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ – അനുബന്ധ പ്രവർത്തനങ്ങൾ | 0 |
| 176 | 2521402 വൈദ്യുതി ലൈൻ – ട്രാൻസ്ഫോർമർ– വോൾട്ടേജ് വർദ്ധിപ്പിക്കൽ | 0 |
| 177 | 2521501 വിനോദ സഞ്ചാരം – ഭൗതിക സൗകര്യങ്ങൾ | 0 |
| 178 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 0 |
| 179 | 2521602 ഐകെഎമ്മിനുള്ള പേയ്മെൻറുകൾ | 0 |
| 180 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 0 |
| 181 | 2521801 സാമൂഹ്യ സുരക്ഷാ മിഷനുള്ള വിഹിതം | 0 |
| 182 | 2521803 ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ (MGNREGS) വേതനം നൽകുന്നതിനുള്ള വിഹിതം | 500000 |
| 183 | 2521903 പൊതു ശുചിത്വം – അനുബന്ധ പ്രവർത്തനങ്ങൾ | 0 |
| 184 | 2521904 ശൗചാലയം (വ്യക്തിഗതം) | 0 |
| 185 | 2521905 ശൗചാലയം (സ്ഥാപനതലം ) | 0 |

| | | |
|---|---|---|
| 186 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | 0 |
| 187 | 2522201 ദുരന്തനിവാരണം – അനുബന്ധ സേവനങ്ങൾ | 0 |
| 188 | 2522203 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ | 0 |
| 189 | 2522303 ഖരമാലിന്യ പരിപാലനം – ആരംഭ പ്രവർത്തനങ്ങൾ | 0 |
| 190 | 2522304 ഖരമാലിന്യ പരിപാലനം – തരംതിരിക്കൽ | 0 |
| 191 | 2522305 ഖരമാലിന്യ പരിപാലനം – ശേഖരണവും പരിവഹണവും | 0 |
| 192 | 2522309 ഖരമാലിന്യ പരിപാലനം – അനുബന്ധ പ്രവർത്തനങ്ങൾ | 0 |
| 193 | 2522310 ഖരമാലിന്യ പരിപാലനം – ഒഴിവാക്കൽ | 0 |
| 194 | 2522314 ഖരമാലിന്യ പരിപാലനം – പ്രോസസ്സിംഗ് – വ്യക്തിഗതം | 0 |
| | ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 500000 |
| | അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ – 253 | |
| 195 | 2530101 തെരുവ് വിളക്കുകൾ | 0 |
| 196 | 2530102 ആഫീസ് വൈദ്യുതീകരണം | 0 |
| 197 | 2530201 റോഡുകൾ | 0 |
| 198 | 2530302 പൊതു കെട്ടിടങ്ങൾ – മറ്റ് കെട്ടിടങ്ങൾ | 0 |
| 199 | 2530405 മറ്റ് നിർമിതികൾ | 0 |
| 200 | 2530501 എഞ്ചിനീയറിംഗ് വിങ്ങിനുള്ള വാഹന വാടക | 0 |
| 201 | 2530502 ഹയറിങ് ഓഫ് വെഹിക്കിൾ ഫോർ ഓഫീസ് പർപ്പസ് | 0 |
| 202 | 2530701 GST അധിക വിഹിതം നൽകൽ | 0 |
| | ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 0 |
| | സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ – 254 | |

| | | |
|---|---|---|
| 203 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 5782260 |
| 204 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വിധവ പെൻഷൻ | 25937780 |
| 205 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4373820 |
| 206 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 7305100 |
| 207 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വാർദ്ധക്യകാല പെൻഷൻ | 50199270 |
| 208 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – സ്ത്രീസുരക്ഷാ പദ്ധതി | 2040000 |
| | ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ | 95638230 |
| | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ – 260 | |
| 209 | 2602301 അപകടകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ചെലവ് | 0 |
| | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 0 |
| | മുൻ കാലയളവിലെ ഇനങ്ങൾ – 280 | |
| 210 | 2808002 മുൻകാല ചെലവുകൾ– സർക്കാരിലേക്കുള്ള ഉപയോഗിക്കാത്ത ഗ്രാൻറുകളുടെ തിരിച്ചടവ് | 252260 |
| | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | 252260 |
| | ആകെ റവന്യൂ ചെലവ് | 181469300 |
| | മൂലധനച്ചെലവ് – 4 | |
| | നിക്ഷേപങ്ങളുടെ റീഫണ്ട് – 340 | |
| 211 | 3401003 പിടിച്ച് വച്ച തുക | 0 |
| | ആകെ നിക്ഷേപങ്ങളുടെ റീഫണ്ട് | 0 |

| | | |
|---|---|---|
| | തിരിച്ചടവുകളുടെ പേയ്മെന്റ് - 350 | |
| 212 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | 0 |
| 213 | 3501104 പ്രോവിഡൻറ് ഫണ്ട് ലോൺ നൽകാനുള്ളത് | 0 |
| 214 | 3501105 പെൻഷനും ഗ്രാറ്റ്യുറ്റിയും നൽകാനുള്ളത് | 0 |
| 215 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | 0 |
| 216 | 3501122 അവധി ശമ്പളം നൽകാനുള്ളത് | 0 |
| 217 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | 960000 |
| 218 | 3502001 വസൂലാക്കിയത് ഒടുക്കാനുള്ളവ - ജനറൽ പ്രോവിഡൻറ് ഫണ്ട് | 360000 |
| 219 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് | 360000 |
| 220 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ - മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് | 250000 |
| 221 | 3502005 വസൂലാക്കിയത് ഒടുക്കാനുള്ളവ - വായ്പ തിരിച്ചടവ് | 135000 |
| 222 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഇൻഷുറൻസ് പ്രീമിയം | 100000 |
| 223 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 135000 |
| 224 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഗ്രൂപ്പ്  ഇൻഷുറൻസ് | 75000 |
| 225 | 3502020 വസൂലാക്കിയത് ഒടുക്കാനുള്ളവ - കോൺട്രിബ്യൂട്ടറി പെൻഷൻ | 600000 |
| 226 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ - മെഡിസെപ് - റെഗുലർ | 120000 |
| 227 | 3502025 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ആദായനികുതി | 300000 |
| 228 | 3502035 വസൂലാക്കിയത് ഒടുക്കാനുള്ളവ - പി എഫ് ലോൺ തിരിച്ചടവ് - ജിപിഎഫ് | 132000 |
| 229 | 3503005 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക്  കൊടുക്കേണ്ട തുക - റ്റിഡിഎസ് - സിജിഎസ് റ്റി | 0 |
| 230 | 3503006 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക്  കൊടുക്കേണ്ട തുക -  റ്റിഡിഎസ് - എസ് ജിഎസ് റ്റി | 0 |

| | | |
|---|---|---|
| 231 | 3503008 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക്  കൊടുക്കേണ്ട തുക - സിജിഎസ് റ്റി | 0 |
| 232 | 3504099 കൊടുക്കാനുള്ള തിരിച്ചടവുകൾ - മറ്റുള്ളവ | 0 |
| | ആകെ തിരിച്ചടവുകളുടെ പേയ്മെന്റ് | 3527000 |
| | സ്ഥിര ആസ്തികൾ - 410 | |
| 233 | 4101001 ഭൂമി - ലോക്കൽബോഡി | 0 |
| 234 | 4101008 പൊതുകിണർ | 0 |
| 235 | 4102002 അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ്സ് | 0 |
| 236 | 4102005 ആശുപത്രി കെട്ടിടങ്ങൾ | 0 |
| 237 | 4102011 പൊതു ശൗചാലയങ്ങൾ | 0 |
| 238 | 4102016 മറ്റ് കെട്ടിടങ്ങൾ | 0 |
| 239 | 4102017 ചുറ്റുമതിൽ | 0 |
| 240 | 4103001 കോൺക്രീറ്റ് റോഡുകൾ | 0 |
| 241 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | 0 |
| 242 | 4103006 മൺറോഡ് | 0 |
| 243 | 4103010 കലുങ്കുകൾ | 0 |
| 244 | 4103012 സൈഡ് വാൾ | 0 |
| 245 | 4103099 മറ്റ് നിർമിതികൾ | 0 |
| 246 | 4103102 ഓടകൾ | 0 |
| 247 | 4103204 വിതരണ നിയന്ത്രണ സംവിധാനം -  വെള്ളം വിതരണം | 0 |
| 248 | 4103302 തെരുവ് വിളക്ക് | 0 |
| 249 | 4104001 പ്ലാൻറുകളും യന്ത്രസാമഗ്രികളും | 0 |
| 250 | 4106001 ആഫീസിലെയും മറ്റുമുള്ള ഉപകരണങ്ങൾ | 0 |

| | | |
|---|---|---|
| 251 | 4106002 കമ്പ്യൂട്ടറുകൾ, പ്രിൻററുകൾ മറ്റ് ഉപകരണങ്ങൾ | 0 |
| 252 | 4107001 ഫർണീച്ചർ, ഉറപ്പിച്ചിരിക്കുന്നവ, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 0 |
| 253 | 4108001 മറ്റ് സ്ഥിര ആസ്തികൾ | 0 |
| | ആകെ സ്ഥിര ആസ്തികൾ | 0 |
| | കൈയിലുള്ള സ്റ്റോക്ക് – 430 | |
| 254 | 4301002 സാധനങ്ങൾ വാങ്ങൽ – സ്റ്റോർസ് | 0 |
| | ആകെ കൈയിലുള്ള സ്റ്റോക്ക് | 0 |
| | റിഡെംപ്ഷൻ – 431 | |
| 255 | 4315002 സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | 10821460 |
| | ആകെ റിഡെംപ്ഷൻ | 10821460 |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ – 460 | |
| 256 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 300000 |
| 257 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 2402350 |
| 258 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 1650000 |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 4352350 |
| | **ആകെ മൂലധനച്ചെലവ്** | **18700810** |
| | **ആകെ ചെലവ്** | **200170110** |
| | **ആകെ വരവ്** | **465617645** |
| | **ബാലൻസ്** | **302994613** |
| | **പദ്ധതി ഉൾപ്പെടെ മറ്റ്  ചിലവുകൾ** | **297883853** |
| | **നീക്കി ബാക്കി മിച്ചം** | **5110760** |